"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ഓണം 2026 - ഭക്ഷ്യ ധാന്യങ്ങളുടെ സുഗമമായ വിതരണത്തിനായി റേഷൻ കടകളുടെ അവധി ദിവസങ്ങൾ പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.213/2026/F&CS തീയതി,തിരുവനന്തപുരം, 22-08-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.468/2022/F&CS തീയതി 17.12.2022
2. സ.ഉ.(സാധാ)നം.432/2023/F&CS തീയതി 02.11.2023
3. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 21.08.2026 തീയതിയിലെ CCS/7084/2024-A12 നമ്പർ കത്ത്.

**ഉത്തരവ്**

റേഷൻ കടകൾക്ക് ഒരു കലണ്ടർ വർഷത്തിൽ അനുവദിക്കേണ്ട അവധികൾ സംബന്ധിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരം പ്രതിമാസം റേഷൻ വിതരണം അവസാനിക്കുന്നതിന്റെ തൊട്ടടുത്ത ദിവസം കൂടി റേഷൻ കടകൾക്ക് അവധി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2) 2026-ലെ ഓണക്കിറ്റ് വിതരണം, ഓണം ഭക്ഷ്യധാന്യങ്ങളുടെ വിതരണം, ചില ജില്ലകളിൽ വൈകിയെത്തിയ OMSS അരിയുടെ വിതരണം എന്നിവ സമയബന്ധിതമായും കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിനായി സംസ്ഥാനത്തെ റേഷൻ കടകൾക്ക് നിലവിൽ അവധിയായി നിശ്ചയിച്ചിട്ടുള്ള ചില ദിവസങ്ങളിലും പ്രവർത്തനം നടത്തേണ്ടതുള്ളതിനാൽ വിതരണം തടസ്സമില്ലാതെ പൂർത്തീകരിക്കുന്നതിനായി 23.08.2026 ഞായറാഴ്ചയും 25.08.2026 നബിദിനം വരുന്ന ദിവസവും സംസ്ഥാനത്തെ റേഷൻ കടകൾ തുറന്ന് പ്രവർത്തിപ്പിച്ച് പ്രസ്തുത ദിവസങ്ങൾക്ക് പകരമായി 27.08.2026 തീയതിയും, റേഷൻ വിതരണം പൂർത്തിയാകുന്ന മാസാവസാനത്തിന് ശേഷമുള്ള പതിവ് അവധിയോടൊപ്പം 02.09.2026 തീയതിയും പകരം അവധി ദിവസങ്ങളായി ക്രമീകരിക്കുന്നതിന് അനുമതി നല്കണമെന്ന പൊതുവിതരണ

ഉപഭോക്തൃകാര്യ കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 23.8.2026 ഞായറാഴ്ചയും 25.08.2026 നബിദിനവും (ചൊവ്വാഴ്ച) റേഷൻ കടകൾക്ക് പ്രവൃത്തി ദിവസങ്ങളാക്കിയും പകരം 27/08/2026, 02/09/2026 തീയതികളിൽ അവധിയും നബിദിനം പ്രമാണിച്ച് 25.08.2026 ന്റെ നിയന്ത്രിത അവധിയും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUSAN LOPEZ

ജോയിന്റ് സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം

3. എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും

4താലൂക്ക് സപ്ലൈ /സിറ്റി റേഷനിംഗ് ഓഫീസർമാർക്കും

(പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ മുഖാന്തിരം)

5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

6.കരുതൽ ഫയൽ (നം. ഭ.പൊ.വി.വ-ബി2/152/2026-ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം

Digitally signed by
Sneha S Nair
Date: 22-08-2026
12:08:51

സെക്ഷൻ ഓഫീസർ

ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഭക്ഷ്യ പൊതുവിതരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്